2005-ൽ ഈ കേസ്സിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഒരു ഇടക്കാല ഉത്തരവിലൂടെ എസ്.സി./എസ്.റ്റി ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റ് സ്റ്റേറ്റിനി കമ്മിറ്റിക്ക് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ബി) ടിയാൾക്കെതിരെ 2013-ൽ ലഭിച്ച ഒരു പരാതിയിന്മേൽ ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (വിജിലൻസ്) ഒരു അന്വേഷണം നടത്തിയിട്ടുള്ളതായും പ്രസ്തുത അന്വേഷണത്തിൽ ഈ വിഷയം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണെന്ന് കണ്ടെത്തിയിട്ടുള്ളതുമാണ്.

അമൃതം ആരോഗ്യം പദ്ധതി

21 (2572) ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമൃതം ആരോഗ്യം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; ഈ പദ്ധതി എന്നുമുതൽ സംസ്ഥാനത്ത് ആരംഭിച്ചു ;

(ബി) വർദ്ധിച്ചുവരുന്ന ജീവിതശൈലീ രോഗങ്ങളെ ഫലപ്രദമായി നേരിടുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു ;

(സി) അമൃതം ആരോഗ്യം പദ്ധതിയെപ്പറ്റി അവലോകനം നടത്തിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ജീവിതശൈലീ രോഗങ്ങളെ ഫലപ്രദമായി നേരിടുവാൻ സംസ്ഥാന സർക്കാർ ആരംഭിച്ച പദ്ധതിയാണ് 'അമൃതം ആരോഗ്യം'. 30 വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളേയും ജീവിതശൈലീ രോഗങ്ങൾ കണ്ടെത്തുന്നതിനായി സ്ക്രീനിംഗ് നടത്തുക, രോഗം കണ്ടെത്തുന്നവർക്ക് ചികിത്സയും മരുന്നും സൗജന്യമായി നൽകുക, അനാരോഗ്യകരമായ ഭക്ഷണം, വ്യായാമമില്ലായ്മ, മദ്യപാനം, പുകവലി തുടങ്ങിയ ശീലങ്ങളോടുള്ള ആസക്തി എന്നിവയ്ക്കെതിരെയുള്ള ബോധവൽക്കരണം എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

ഈ പദ്ധതി 2011-ൽ ആരംഭിച്ചുവെങ്കിലും പൂർണ്ണതോതിൽ പ്രവർത്തനമാരംഭിച്ചത് 2012-ലാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജീവിതശൈലീരോഗങ്ങൾക്കായുള്ള സ്ക്രീനിംഗ് നടത്തുന്നതിന് സംസ്ഥാനത്തെ 230 സാമൂഹികാരോഗ്യകേന്ദ്രങ്ങൾ, 835 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, 5144 കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ഗ്ലൂക്കോമീറ്റർ, ബി.പി. അപ്പാരറ്റസ്, വെയിംഗ് മെഷീൻ തുടങ്ങിയ ഉപകരണങ്ങൾ എത്തിക്കുകയും ആഴ്ചയിൽ ഒരു ദിവസം സ്ക്രീനിംഗ് നടത്തുകയും ചെയ്യുന്നു.

ജീവിതശൈലീരോഗങ്ങൾക്കുള്ള മരുന്നുകൾ പ്രാഥമികാരോഗ്യതലംവരെ എത്തിക്കുകയും സൗജന്യമായി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

അനാരോഗ്യകരമായ ഭക്ഷണരീതി, വ്യായാമമില്ലായ്മ, പുകവലി, മദ്യപാനം തുടങ്ങിയ ശീലങ്ങളോടുള്ള ആസക്തി എന്നിവയ്ക്കെതിരെയുള്ള ബോധവൽക്കരണം, ഓഫീസുകൾ, തൊഴിൽശാലകൾ, സ്കൂളുകൾ എന്നീ സ്ഥാപനങ്ങളിൽ ജീവിതശൈലീ രോഗ സ്ക്രീനിംഗ്, ബോധവൽക്കരണവും യോഗ പരിശീലനവും നടത്തിവരുന്നു.

(സി) അവലോകനം നടത്തിയിട്ടുണ്ട്. എല്ലാ മാസവും സീനിയർ മെഡിക്കൽ ഓഫീസേഴ്സ് കോൺഫറൻസിൽ 'അമൃതം ആരോഗ്യം' പദ്ധതി അവലോകനം ചെയ്യാറുണ്ട്. ആരോഗ്യ വകുപ്പുമന്ത്രി, ആരോഗ്യ സെക്രട്ടറി, മിഷൻ ഡയറക്ടർ (എൻ.എച്ച്.എം.), ആരോഗ്യ വകുപ്പ് ഡയറക്ടർ എന്നിവർ സന്നിഹിതരാകുന്ന ഈ കോൺഫറൻസിൽ ഓരോ ജില്ലയിൽനിന്നുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ട്.

അമൃതം ആരോഗ്യം പദ്ധതി

22 (2573) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമൃതം ആരോഗ്യം പദ്ധതി എല്ലാ വിഭാഗം ജനങ്ങളിലുമെത്തിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ;

(സി) ഈ പദ്ധതി കാര്യക്ഷമമായി നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സ്വീകരിക്കുന്ന മാർഗ്ഗങ്ങൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly